# വിവാഹമോചനം: അനാഥരാവുന്ന കുട്ടികൾ


© Google images


**സന്ധ്യാ റാണി. എൽ**
ചൈൽഡ് ആന്റ് ഫാമിലി കൗൺസിലർ
Consolace Counselling Services
തിരുവനന്തപുരം & ചങ്ങനാശ്ശേരി
Ph : 9388 183 153
www. consolace.com

**വിവാഹമോചനം ദമ്പതിമാർക്ക് മാനസികാഘാതം തന്നെയാണ്. ജീവിതകാലം മുഴുവൻ ഒപ്പം ഉണ്ടാകുമെന്ന് വിശ്വസിച്ചിരുന്ന ഒരാൾ പെട്ടന്ന് ഉപേക്ഷിച്ചു പോകുകയോ പൊരുത്തപ്പെടാനാകാത്ത വിധം അകലുകയോ ചെയ്യുന്നത് മനസ്സിനെ വല്ലാതെ മുറിപ്പെടുത്തുമെന്നതിൽ തർക്കമില്ല**

ഒൻപതു വയസ്സേ ഉള്ളൂ അവന്. എനിക്ക് അഭിമുഖമായുള്ള കസേരയിൽ ഇരിക്കുമ്പോൾ ആ കുഞ്ഞു മുഖത്ത് ദേഷ്യവും അതിലേറെ സങ്കടവും കാണാനാകുമായിരുന്നു. തൊട്ടരികത്ത് അവന്റെ അച്ഛനും അമ്മയും ഇരിക്കുന്നുണ്ട്. അവർ എന്നെ കാണാൻ ഒരുമിച്ച് വന്നുവെങ്കിലും മനസ്സു കൊണ്ടും നിയമപരമായും അവർ വേർപിരിഞ്ഞു കഴിഞ്ഞിരുന്നു. നിയമപരമായി മകന്റെ സംരക്ഷണ അവകാശം ലഭിച്ചത് അമ്മയ്ക്കാണ്. എന്നാൽ കുട്ടിക്കാകട്ടെ ചെറുപ്പം മുതലേ കണ്ടുവളർന്ന അച്ഛനെ മനസ്സിൽ നിന്ന് പറിച്ചെറിയാൻ കഴിയുമായിരുന്നില്ല. പെട്ടന്നൊരുനാൾ അച്ഛൻ തന്റെ ജീവിതത്തിൽ നിന്ന് അപ്രത്യക്ഷനായത് അവനെ അസ്വസ്ഥനാക്കി. സ്കൂളിലും വീട്ടിലും അതുവരെ നല്ല കുട്ടിയായിരുന്ന അവന്റെ പെരുമാറ്റത്തിൽ പല വ്യത്യാസങ്ങളും കണ്ടുതുടങ്ങി. പഠനത്തിൽ ശരാശരിയിലും മുകളിലായിരുന്ന അവൻ തീർത്തും അലസനായി മാറി. സ്കൂളിൽ കൂട്ടുകാരുമായി വഴക്കുകൾ പതിവായി. വീട്ടിൽ പരാതികൾ എത്തിത്തുടങ്ങി. അമ്മ അവനെ ശകാരിക്കുകയും ശിക്ഷിക്കു



© Google images

കയും ചെയ്തെങ്കിലും അവന്റെ വാശി കൂടിയതേയുള്ളൂ. വിവാഹബന്ധം വേർപിരിഞ്ഞെങ്കിലും മാസത്തിലൊരിക്കൽ സമ്മാനങ്ങളുമായി അച്ഛൻ അവനെ കാണാൻ എത്താറുണ്ടായിരുന്നു. ആദ്യമൊക്കെ ആ ദിവസത്തിനു വേണ്ടി അവൻ കാത്തിരിക്കുമായിരുന്നു. പിന്നീട് അച്ഛനോടുള്ള അവന്റെ മനോഭാവത്തിൽ കാര്യമായ മാറ്റം വന്നു. സംസാരിക്കാനോ അടുത്തു ചെല്ലാനോ പോലും കൂട്ടാക്കാറില്ല. തീർത്തും ഒരു അപരിചിതനോടെന്ന പോലെയാണ് ഇപ്പോൾ അവൻ അച്ഛനോട് പെരുമാറുന്നത്. അമ്മയോടും വീട്ടിലെ മറ്റ് അംഗങ്ങളോടും അവൻ പഴയ സ്നേഹവും അടുപ്പവും കാണിക്കുന്നില്ല. മകന്റെ സ്വഭാവത്തിലെ വ്യത്യാസം അവന്റെ അച്ഛനേയും അമ്മയേയും ഒരുപോലെ വേദനിപ്പിച്ചു. ഇനി ഒരുമിച്ചൊരു ജീവിതം സാധ്യമല്ലെന്ന് തീരുമാനിച്ചെങ്കിലും മകനെ കുറിച്ചുള്ള ആകുലത മൂലം ഇരുവരും എന്നെ കാണാൻ വരികയായിരുന്നു. കുട്ടിയുമായി ഏറെനേരം ഞാൻ സംസാരിച്ചെങ്കിലും അവൻ കൂടുതൽ സമയവും മുഖം കുനിച്ചിരിക്കുകയോ മൂളുകയോ ചെയ്യുകയായിരുന്നു. അവന് ആരോടും, ഈ ലോകത്തിലെ ഒന്നിനോടും താത്പര്യമില്ലെന്നു തോന്നി. മറ്റൊരു തരത്തിൽ പറഞ്ഞാൽ അവൻ തന്റേതായ സങ്കടങ്ങളുടെ ലോകത്ത് ഒറ്റപ്പെട്ടു കഴിയുകയാണ്. "ഇനി എന്നെങ്കിലും എനിക്ക് അച്ഛനെ കെട്ടിപ്പിടിച്ച് ഉറങ്ങാൻ പറ്റുമോ?" നീണ്ട സംസാരത്തിനൊടുവിൽ അവൻ എന്നോടു ചോദിച്ച ഒറ്റ ചോദ്യത്തിലുണ്ടായിരുന്നു അവന്റെ മനസ്സിലെ വിങ്ങലുകളത്രയും. ഇതൊരു ഒറ്റപ്പെട്ട സംഭവമായി കണക്കാക്കാൻ കഴിയില്ല. വിവാഹമോചനങ്ങൾ പെരുകുമ്പോൾ, പഠനത്തിന്റെ പേരിൽ ചെറുപ്രായത്തിൽ ബോർഡിങ്ങിലേയ്ക്ക് അയക്കപ്പെടുമ്പോൾ കേരളത്തിലെ ബാല്യം ഒറ്റപ്പെടുകയാണ്. കരുതലും സ്നേഹവും ആവോളം നൽകേണ്ടയിടത്ത് അത് ലഭിക്കാതെ വരുമ്പോൾ അവരിൽ ഉടലെടുക്കുന്ന മാനസിക സംഘർഷങ്ങളും സ്വഭാവവ്യതിയാനങ്ങളും കണ്ടില്ലെന്നു നടിക്കാനാകില്ല.

**വിവാഹബന്ധങ്ങൾ വേർപെടുത്തപ്പെടുന്ന സംഭവങ്ങളിൽ ശരിക്കും ഇരകളാവുന്നത് കുട്ടികളാണ്. അതുവരെ ലഭിച്ചിരുന്ന വീടിന്റെ ആഹ്ലാദകരമായ അന്തരീക്ഷം പെട്ടെന്നവർക്ക് നഷ്ടമാകുന്നു. എന്തുകൊണ്ടെന്നോ എന്തിനെന്നോ തിരിച്ചറിയാൻ തക്ക മാനസിക വളർച്ച അവർക്കുണ്ടാകില്ല. അച്ഛനും അമ്മയും താനും മാത്രമുണ്ടായിരുന്ന ലോകം ഇല്ലാതായി എന്ന സത്യം അംഗീകരിക്കാൻ പല കുട്ടികൾക്കും കഴിയാറില്ല**



© Google images

## വേർപിരിക്കപ്പെടുന്നത് കുട്ടികളാണ്

വിവാഹമോചനം ദമ്പതിമാർക്ക് മാനസികാഘാതം തന്നെയാണ്. ജീവിതകാലം മുഴുവൻ ഒപ്പം ഉണ്ടാകുമെന്ന് വിശ്വസിച്ചിരുന്ന ഒരാൾ പെട്ടന്ന് ഉപേക്ഷിച്ചു പോകുകയോ പൊരുത്തപ്പെടാനാകാത്ത വിധം അകലുകയോ ചെയ്യുന്നത് മനസ്സിനെ വല്ലാതെ മുറിപ്പെടു

ത്തുമെന്നതിൽ തർക്കമില്ല. എന്നാൽ ഇതിലുമെത്രയോ മടങ്ങ് വേദനയാണ് അത് കുഞ്ഞുങ്ങളുടെ ജീവിതത്തിൽ ഉണ്ടാക്കുന്നത്. വിവാഹബന്ധങ്ങൾ വേർപെടുത്തപ്പെടുന്ന സംഭവങ്ങളിൽ ശരിക്കും ഇരകളാവുന്നത് കുട്ടികളാണ്. അതുവരെ ലഭിച്ചിരുന്ന വീടിന്റെ ആഹ്ലാദകരമായ അന്തരീക്ഷം പെട്ടെന്നവർക്ക് നഷ്ടമാകുന്നു. എന്തുകൊണ്ടെന്നോ എന്തിനെന്നോ തിരിച്ചറിയാൻ തക്ക മാനസിക വളർച്ച അവർക്കുണ്ടാകില്ല. അച്ഛനും അമ്മയും താനും മാത്രമുണ്ടായിരുന്ന ലോകം ഇല്ലാതായി എന്ന സത്യം അംഗീകരിക്കാൻ പല കുട്ടികൾക്കും കഴിയാറില്ല. മിക്ക വിവാഹമോചന കേസുകളിലും കുട്ടികൾ ചെറിയ പ്രായത്തിലുള്ളവരാകും. നിയമപരമായ ഉത്തരവിന്റെ പുറത്തോ ഇരുവരുടേയും സമ്മതപ്രകാരമോ ദമ്പതികളിൽ ആരെങ്കിലും ഒരാൾക്ക് അവരുടെ സംരക്ഷണചുമതല ലഭിക്കുന്നു. ഒന്നിലധികം കുട്ടികൾ ഉള്ളിടത്ത് സംരക്ഷണം വീതിച്ചു നൽകപ്പെടുന്നതും പതിവാണ്. അത്രദിവസവും കളിച്ചുവളർന്ന അനിയത്തിയോ അനിയനോ തന്നിൽ നിന്ന് അകന്നു പോകുന്നത് ഒരു കുട്ടിക്കും സഹിക്കാൻ കഴിയില്ല. ചേട്ടനും അച്ഛനും അമ്മയും ഞാനും എന്നിങ്ങനെ കുടുംബം വിഭജിക്കപ്പെടുന്നതിനെ പറ്റി ആ ചെറിയ ജീവിതകാലത്തിനിടയ്ക്ക് അവർ ഒരിക്കലും ചിന്തിച്ചിട്ടു കൂടിയുണ്ടാകില്ല.




വിവാഹമോചനത്തിനു ശേഷം കുട്ടിയെ അച്ഛനും അമ്മയും മാറി മാറി സംരക്ഷിക്കുന്ന തരത്തിലും കാര്യങ്ങൾ എത്താറുണ്ട്. ഇരുകൂട്ടരും കുട്ടിയുടെ സംരക്ഷണാവകാശം ആവശ്യപ്പെടുന്ന സന്ദർഭങ്ങളിലാണ് ഇത്. വിവാഹമോചനം നേടിയവർ സ്വന്തം വീടുകളിലോ മറ്റ് കുടുംബാംഗങ്ങൾക്കൊപ്പമോ ആകാം താമസിക്കുന്നത്. രണ്ടു വീട്ടിലെ രീതികളും ചിട്ടകളും അവിടുത്തെ ഓരോ വ്യക്തിയുടേയും പെരുമാറ്റവും പോലും വ്യത്യസ്തമായിരിക്കാം. ഇത്തരത്തിൽ രണ്ടു വീടുകളിലേയ്ക്ക് മാറി താമസിക്കേണ്ടി വരുന്ന കുട്ടികൾക്കും പുതിയ സാഹചര്യങ്ങളോട് പൊരുത്തപ്പെടാൻ നന്നേ പ്രയാസമായിരിക്കും. വിവാഹമോചനത്തിലേയ്ക്കു നയിക്കുന്ന കാരണങ്ങൾ പലതാകാമെങ്കിലും ആത്യന്തികമായി ഇരുവർക്കും ഇടയിലുള്ള അഭിപ്രായവ്യത്യാസങ്ങളും, പൊരുത്തപ്പെട്ടു പോകാൻ കഴിയില്ല എന്ന തിരിച്ചറിവുമാണ് തുടർന്നുള്ള ജീവിതം ഒരുമിച്ചുവേണ്ട എന്ന തീരുമാനത്തിലേയ്ക്ക് അവരെ കൊണ്ടു ചെന്നെത്തിക്കുന്നത്. ഇത്തരത്തിൽ പിരിയുമ്പോൾ രണ്ടുകൂട്ടരും കുട്ടിയെ സ്വാധീനിച്ച് തന്റെയൊപ്പം നിർത്താൻ ശ്രമിക്കുന്നതു കാണാം. മിക്കപ്പോഴും പങ്കാളിയായിരുന്ന ആളുടെ കുറ്റങ്ങളോ കുറവുകളോ നിരത്തി കുട്ടിയുടെ മുന്നിൽ ആ വ്യക്തിയെ മോശമാക്കി ചിത്രീകരിക്കാനും അതുവഴി അവരെ തമ്മിൽ അകറ്റാനുമായിരിക്കും ശ്രമം. എന്നാൽ പങ്കാളിയെ നിങ്ങൾ കുറ്റപ്പെടുത്തുമ്പോഴും കുട്ടിയുടെ മനസ്സിൽ അവർ അച്ഛൻ അഥവാ അമ്മയാണ്. അത്രനാളും ഒരുമിച്ചു കഴിഞ്ഞിരുന്ന ഒരാൾ മോശമാണെന്നു നിങ്ങൾ തന്നെ പറയുമ്പോൾ അത് കുട്ടിയുടെ മനസ്സിലേൽപ്പിക്കാവുന്ന മുറിവ് ചെറുതല്ല.

**നിയമപരമായ ഉത്തരവിന്റെ പുറത്തോ ഇരുവരുടേയും സമ്മതപ്രകാരമോ ദമ്പതികളിൽ ആരെങ്കിലും ഒരാൾക്ക് അവരുടെ സംരക്ഷണചുമതല ലഭിക്കുന്നു. ഒന്നിലധികം കുട്ടികൾ ഉള്ളിടത്ത് സംരക്ഷണം വീതിച്ചു നൽകപ്പെടുന്നതും പതിവാണ്. അത്രദിവസവും കളിച്ചുവളർന്ന അനിയത്തിയോ അനിയനോ തന്നിൽ നിന്ന് അകന്നു പോകുന്നത് ഒരു കുട്ടിക്കും സഹിക്കാൻ കഴിയില്ല**

വിവാഹമോചനം നേടുമ്പോൾ നിയമവശങ്ങൾ എല്ലാം പഠിക്കാനും സ്വത്തുക്കൾ വീതംവയ്ക്കാനും ശ്രദ്ധിക്കാറുണ്ടെങ്കിലും മകനെ അല്ലെങ്കിൽ മകളെ ഈ സംഭവം എങ്ങനെ സ്വാധീനിക്കുമെന്നോ ഇനി എത്തരത്തിൽ അവരെ വളർത്തണമെന്നോ ഗൗരവത്തോടെ ചിന്തിക്കുന്നവർ കുറവാണ്. വിവാഹമോചനത്തിനു ശേഷം രണ്ടുപേരും പലവിധത്തിലുള്ള മാനസികപിരിമുറുക്കങ്ങൾ അനുഭവിക്കുന്നുണ്ടാകും. ഇതിനിടയിൽ കുട്ടിയോട് സ്നേഹത്തോടെ പെരുമാറാനോ കാര്യങ്ങൾ ശ്രദ്ധിക്കാനോ കഴിഞ്ഞെന്നു വരില്ല. അങ്ങനെ വരുമ്പോൾ തനിക്ക് ആരുമില്ല എന്നൊരു തോന്നൽ കുട്ടിയുടെ ഉള്ളിൽ വളർന്നു വരും. വിവാഹമോചനത്തിന് ശേഷം പഴയതിലും സ്നേഹത്തോടെയും കരുതലോടെയും വേണം കുട്ടിയോട് പെരുമാറേണ്ടത്. രണ്ടു പേരുടെ സ്നേഹം ലഭിച്ചിരുന്നിടത്ത് ഇന്ന് അവനെ അല്ലെങ്കിൽ അവളെ സ്നേഹിക്കാൻ ഒരാൾ മാത്രമേ ഉള്ളൂ. അത് മനസിലാക്കിക്കൊണ്ടു വേണം അവരോട് ഇടപഴകാൻ. മുൻ പങ്കാളിയെ കുറിച്ചുള്ള കുറ്റങ്ങൾ അവരോട് പറയാതിരിക്കുക. കഴിയുമെങ്കിൽ അവരെ കാണണമെന്ന് കുട്ടി ആവശ്യപ്പെടുമ്പോൾ അത് സാധിച്ചു കൊടുക്കുക. അവരെ ഫോൺ വിളിക്കാൻ അനുവദിക്കുക. വേർപിരിഞ്ഞെങ്കിലും തനിക്ക് അച്ഛനും അമ്മയും ഉണ്ടെന്നും ഒരുമിച്ചു താമസിക്കുന്നില്ലെങ്കിലും ഇടയ്ക്ക് കാണാൻ കഴിയുമെന്നതും സംസാരിക്കാ

മെന്നതും അവർക്ക് ഒരു ആശ്വാസം തന്നെയായിരിക്കും. ജീവിതത്തിൽ വലിയ എന്തോ സംഭവിച്ചു എന്ന മട്ടിൽ അവരോട് പെരുമാറാതിരിക്കാൻ ശ്രദ്ധിക്കണം. വീട്ടിലെ അന്തരീക്ഷം പഴയതു പോലെ നിലനിർത്താനും പഴയതിലും കൂടുതൽ സമയം കുട്ടിക്കൊപ്പം ചെലവിടാനും ശ്രദ്ധിക്കാം. വേർപിരിയലുകൾ വേദനാജനകം തന്നെയാണെങ്കിലും കരുതലോടെയുള്ള പെരുമാറ്റം കുട്ടിയുടെ മനസ്സിലെ മുറിവിന്റെ ആഴം കുറയ്ക്കും.


© Google images

## പഠനം പറിച്ചുനടലാകുമ്പോൾ

കുട്ടി ജനിക്കുന്നതിന് മുൻപ് തന്നെ അവരുടെ വിദ്യാഭ്യാസത്തെ കുറിച്ച് ചിന്തിക്കുന്നവരാണ് കേരളത്തിലെ മാതാപിതാക്കൾ. മകന് അല്ലെങ്കിൽ മകൾക്ക് ഏറ്റവും മികച്ച വിദ്യാഭ്യാസം നൽകണമെന്നത് അവരുടെ സ്വപ്നങ്ങളിലൊന്നാണ്. അതിനു വേണ്ടി എത്ര കഷ്ടപ്പാട് സഹിക്കാനും അവർ തയ്യാറാണ്. അതുകൊണ്ടു തന്നെ പഠനത്തിനു വേണ്ടി ചെറിയപ്രായത്തിൽ തന്നെ കുട്ടിയെ വീട്ടിൽ നിന്ന് അകറ്റി നിർത്താൻ അവർ മടി കാണിക്കാറില്ല. കേരളത്തിനു പുറത്തുള്ള പേരുകേട്ട സ്കൂളുകളിലോ നവോദയ-സൈനിക് സ്കൂളുകളിലോ അഡ്മിഷൻ ലഭിച്ചാൽ കുട്ടിയെ അവിടേയ്ക്ക് അയക്കാൻ മാതാപിതാക്കൾ രണ്ടാമതൊന്ന് ആലോചിക്കാറില്ല. ഇത്തരം വിദ്യാഭ്യാസ സ്ഥാപനങ്ങൾ മികച്ച അക്കാഡമിക് നിലവാരം ഉറപ്പാക്കുമെങ്കിലും എല്ലാ കുട്ടികൾക്കും വീട്ടിൽ നിന്നുള്ള ഈ പറിച്ചുനടലിനോട് പൊരുത്തപ്പെടാൻ കഴിയണമെന്നില്ല. വീടിന്റെ സുരക്ഷിതത്വത്തിൽ അച്ഛനമ്മമാരുടെ സ്നേഹം ആവോളം ആസ്വദിക്കേണ്ട കാലഘട്ടത്തിൽ അപരിചിതമായൊരു ലോകത്തേയ്ക്ക് അവർ മാറ്റപ്പെടുകയാണ്. പുതിയ അന്തരീക്ഷവുമായി പൊരുത്തപ്പെടാൻ കഴിയാതെ വരുന്നത് കുട്ടികളിൽ മാനസികപിരിമുറുക്കത്തിന് ഇടയാക്കും. വീട്ടിലെ കരുതലും സ്നേഹവും ലഭിക്കാതെ വരുമ്പോൾ അവരിൽ ചിലരെങ്കിലും പഠനത്തിൽ പിന്നോട്ടു പോയേക്കാം. ഇത്തരം പറിച്ചുനടലിൽ തീർത്തും ഒറ്റപ്പെടൽ അനുഭവിക്കുന്ന കുട്ടികളുടെ വ്യക്തിത്വവികാസത്തേയും അത് സാരമായി ബാധിക്കും. ഏറ്റവും മികച്ച സ്കൂളിൽ കുട്ടിക്ക് അഡ്മിഷൻ നേടിക്കൊടുക്കുന്നതിൽ ഒതുങ്ങുന്നില്ല ഒരു രക്ഷിതാവിന്റെ ഉത്തരവാദിത്വം. അവിടെ പഠിക്കാൻ കുട്ടിക്ക് താത്പര്യമുണ്ടോ, വീട്ടിൽ നിന്ന് വിട്ടു നിൽക്കുന്നതിന് പ്രയാസമുണ്ടോ എന്ന കാര്യങ്ങളും കണക്കിലെടുക്കേണ്ടതാണ്. പഠനകാര്യങ്ങളിൽ സ്വന്തം ഇഷ്ടങ്ങൾ കുട്ടിയിൽ അടിച്ചേൽപ്പിക്കാൻ ശ്രമിച്ചാൽ ആഗ്രഹിച്ചതിന് നേർവിപരീതമാകും ഫലം.

## രണ്ടറ്റങ്ങളിലായാൽ

ജോലിയുടെ സൗകര്യാർത്ഥം ലോകത്തിന്റെ വിവിധഭാഗങ്ങളിലേയ്ക്ക് ചേക്കേറുന്നവരാണ് മലയാളികൾ. എന്നാൽ ഓരോ രാജ്യത്തിലേയും നിയമങ്ങളും സംസ്കാരവും വ്യത്യസ്തമായതിനാൽ മക്കളെ സ്വന്തം നാട്ടിൽ വളർത്താൻ താത്പര്യപ്പെടുന്നവരുണ്ട്. അച്ഛനും അമ്മയും വിദേശത്താണെങ്കിലും ചെറിയ പ്രായത്തിൽ തന്നെ

**ലോകത്തിന്റെ രണ്ടു കോണുകളിൽ ജീവിക്കുകയും കുട്ടിയുമായി ശരിയായി ആശയവിനിമയം നടത്താൻ സാധിക്കാതെ വരികയും ചെയ്താൽ അവർ നിങ്ങളുടെ ജീവിതത്തിൽ നിന്ന് അകന്നുപോകുമെന്ന് ഉറപ്പാണ്**

നാട്ടിൽ ബന്ധുക്കളുടെ സംരക്ഷണയിൽ വളരുന്ന കുട്ടികളുണ്ട്. മാതാപിതാക്കളിൽ ആരുടെയെങ്കിലും വീട്ടിൽ അവരുടെ അച്ഛനമ്മമാർക്കൊപ്പമാവും ഇവർ ജീവിക്കുന്നത്. വീടിന്റെ അന്തരീക്ഷവും അച്ഛനമ്മമാർ ഒഴികെയുള്ള മറ്റ് ബന്ധുക്കളുടെ സാന്നിധ്യവും ഒരു പരിധി വരെ കുട്ടികൾക്ക് ആശ്വാസമാകും. എന്നാൽ സ്വന്തം അച്ഛനേയും അമ്മയേയും പിരിഞ്ഞിരിക്കേണ്ടി വരുന്നത് തുടക്കകാലത്തെങ്കിലും കുട്ടികൾക്ക് വല്ലാത്ത മനപ്രയാസം ഉണ്ടാക്കും. ഇത്തരത്തിൽ ജീവിക്കേണ്ടി വരുമ്പോൾ കുട്ടിയുമായി ദിവസത്തിൽ ഒരു തവണയെങ്കിലും സംസാരിക്കാൻ മാതാപിതാക്കൾ ശ്രദ്ധിക്കേണ്ടതുണ്ട്. വീഡിയോ ചാറ്റ്, സ്നേഹപൂർണമായ സംഭാഷണങ്ങൾ എന്നിവ കുട്ടിയുമായുള്ള അകലം കുറയ്ക്കാൻ സഹായിക്കും. ബർത്ത് ഡേ പോലെ കുട്ടിയുടെ ജീവിതത്തിലെ പ്രധാനപ്പെട്ട ദിവസങ്ങളിൽ നിർബന്ധമായും വിളിച്ച് വിഷ് ചെയ്യണം. കൂടാതെ കുട്ടിയുടെ സ്കൂളിലേയും കൂട്ടുകാരുടേയും കാര്യങ്ങൾ ഓരോന്നായി തിരക്കുന്നതും അവന്റെ ചെറിയ വിജയങ്ങളിൽ പോലും അഭിനന്ദിക്കുന്നതും നിങ്ങൾ അവനോടൊപ്പമുണ്ട് എന്ന തോന്നൽ ജനിപ്പിക്കും. ലോകത്തിന്റെ രണ്ടു കോണുകളിൽ ജീവിക്കുകയും കുട്ടിയുമായി ശരിയായി ആശയവിനിമയം നടത്താൻ സാധിക്കാതെ വരികയും ചെയ്താൽ അവർ നിങ്ങളുടെ ജീവിതത്തിൽ നിന്ന് അകന്നുപോകുമെന്ന് ഉറപ്പാണ്.

അച്ഛനമ്മമാരുടെ സ്നേഹവും കരുതലും കുട്ടി ഏറ്റവും കൂടുതൽ ആഗ്രഹിക്കുന്ന കാലമാണ് ബാല്യം. കുട്ടിയുടെ വ്യക്തിത്വരൂപീകരണത്തിൽ തന്നെ നിർണ്ണായകമാണ് ഈ കാലഘട്ടം. ബാല്യത്തിൽ മനസ്സിൽ പതിയുന്ന ഓർമ്മകളും ചിത്രങ്ങളും ജീവിതത്തിലുടനീളം മനസ്സിൽ തങ്ങി നിൽക്കും. അതിനാൽ അവരുടെ മനസ്സിനെ മുറിപ്പെടുത്താതെ ചേർത്തുപിടിക്കേണ്ടത് ഓരോ രക്ഷിതാവിന്റേയും കടമയാണ്. ■